കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറാക്കര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/217/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 19-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറാക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്–സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എൽ. 2/19

നം. കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി: 19-02-2019

**മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-07-2017 മുതൽ 13-01-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-01-2019 മുതൽ 24-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി. പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി.അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. മധുസൂധനൻ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. അനിത.ജെ.സ്റ്റീഫൻ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബിന്ദു വി ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ലക്ഷ്മി. ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുജിത്ത്. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നിമിഷ സാറ ജെയിംസ് | 01.04.2017 മുതൽ 11.05.2017 വരെ |
| | ശ്രീ.വൈശാഖൻ | 12.05.2017 മുതൽ 1.09.2017 വരെ |
| | രമേഷ് കുമാർ | 2.09.2017 മുതൽ 1.11.2017 വരെ |
| | ശ്രീ.അബ്ദുസ്സലാം വില്ലൻ | 02.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. പ്രീത എസ് കറിയ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗ്രീഷ്മ ടി എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. ജയപ്രഭ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 30.07.2017 വരെ |
| | ശ്രീ. അഹമ്മദ് കുട്ടി മാസ്റ്റർ | 31.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗീത എം ടി | 01.04.2017 മുതൽ 31.03.2018 വരെ |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-2 |
| 15 | കളക്ഷൻ തുകയിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തു. | 2-3 |
| 16 | നമ്പറില്ലാത്ത രസീതി ബുക്ക് ഉപയോഗിച്ച് ലൈബ്രറിയിൽ പണം പിരിക്കുന്നു. | 2-4 |
| 17 | ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. | 2-5 |
| 18 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല | 2-6 |
| 19 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല. | 2-7 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 20 | സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം - ടെൻഡർ നിരക്കിലും കൂടുതൽ തുക അനുവദിച്ചു | 3-1 |
| 21 | സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ - | 3-2 |

| | | |
|---|---|---|
| | അപാകതകൾ | |
| 22 | മുൻകൂർ തുക നൽകി- മരുന്നുകൾ ലഭ്യമായില്ല | 3-3 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 |
| 24 | ലൈബ്രറി പ്രവർത്തനം വിപുലമാക്കേണ്ടതാണ് | 3-5 |
| 25 | പേ-റിവിഷൻ അരിയർ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-6 |
| 26 | ഷീ പാഡ് പ്രോജക്ട് - കൃത്യമായ മോണിറ്ററിംഗ് ഇല്ല. | 3-7 |
| 27 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബയോ ഗ്യാസ് പ്ലാന്റ് മുഴുവനായും സ്ഥാപിക്കാത്തത് | 3-8 |
| 28 | അജൈവമാലിന്യ സംഭരണവും സംസ്കരണവും - നടപടികളിലെ പോരായ്മകൾ | 3-9 |
| 29 | പ്രതീക്ഷാ ഡേ കെയർ കേന്ദ്രം - ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തിയില്ല | 3-10 |
| 30 | വിവാഹ ധനസഹായ തുക അനുവദിച്ചതിലെ അപാകത | 3-11 |
| 31 | വനിത വികസനം - അനിവാര്യമായ പ്രവർത്തനങ്ങൾക്ക് പ്രോജക്ടുകൾ ഉൾപ്പെടുത്തിയില്ല. | 3-12 |
| 32 | കരാറുകാരന് സർവ്വീസ് ടാക്സ് നൽകിയത് തുക തിരികെ അടവാക്കി | 3-13 |
| 33 | തിരുനാവായ കുടിവെള്ള പദ്ധതി - പൂർത്തീകരണം സംബന്ധിച്ച് | 3-14 |

| | | |
|---|---|---|
| 34 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ- നടപടിക്രമങ്ങൾ പാലിച്ചില്ല | 3-15 |
| 35 | സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ- രേഖകൾ അപൂർണ്ണം | 3-16 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, തിയതി | പുതുക്കിയ ബജറ്റ് തീരുമാനനമ്പർ, തിയതി |
|---|---|
| PR No. 1(1) dated 27.03.2017 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട അവസാന തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 27.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ എം.പി.എം13/1970/2018 തിയതി 13-08-2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 27372987 |
| വരവ് | 75465724 |
| ആകെ | 102838711 |
| ചെലവ് | 95006700 |
| നീക്കിയിരിപ്പ് | 7832011 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ | വരവ് തുക | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | ബാക്കി | | തുക | തുക | ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18441775 | 18441775 | 13095126 | 5346649 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2588419 | 2588419 | 1776347 | 812072 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 20992 | 20992 | 20992 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14588730 | 14588730 | 14518912 | 69818 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4916944 | 4916944 | 4318396 | 598548 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10666831 | 10666831 | 10641690 | 25141 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 918602 | 918602 | 428600 | 490002 |
| സാക്ഷരത | 0 | 51651 | 51651 | 45592 | 6059 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (അഡ്മിമിനിസ്റ്റേറ്റീവ് ചെലവ്) | 247924 | 264325 | 512249 | 505669 | 6580 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 0 | 11646576 | 11646576 | 11646576 | 0 |

| | | | | | |
|---|---|---|---|---|---|
| (തൊഴിലാളികളുടെ കൂലി) | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി.എസ്.സി) | 647559 | 425062 | 1072621 | 178091 | 894530 |
| ബി ഫണ്ട് | 0 | 50037620 | 50037620 | 50037620 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 22699314 | 12573000 | 35272314 | 33375645 | 1896669 |
| തനത് ഫണ്ട്- ബാങ്ക് അക്കൗണ്ട് | 3729503 | 60534483 | 64263986 | 59318719 | 4945267 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 91268521 | 125 | 54899155 | 8 | 61 | 59.8 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 247924.5 | 264325 | 512249.5 | 505669.5 | 6580 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11646576 | 11646576 | 11646576 | 0 |

## 1-8 സാമൂഹ്യ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിതവേതനം | 17520 | 30 |
| കർഷക തൊഴിലാളി പെൻഷൻ | 2437000 | 215 |
| വിധവാ പെൻഷൻ | 17000900 | 1422 |
| വാർദ്ധക്യകാല പെൻഷൻ | 24746500 | 1893 |
| വികലാംഗ പെൻഷൻ | 5028300 | 421 |
| വിവാഹ ധനസഹായം | 510000 | 17 |
| 50 വയസിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 266400 | 22 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.1.2019 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,779 രൂപക്ക് പകരം 12823 രൂപയാണ് ക്യാഷ് ബാലൻസ് ഉള്ളത് (2956 രൂപ കുറവ്).ആയതിന്റെ വിശദ വിവരം ഖണ്ഡിക 2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പാർട്ടികൾക്ക് ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ യഥാസമയം Encash ചെയ്യുന്നുണ്ടോയെന്ന വിവരം കൃത്യമായി നിരീക്ഷണ വിധേയമാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. തൻവർഷം സൃഷ്ടിക്കപ്പെട്ടവ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. E tender നടപടികളിലൂടെ തനത് ഫണ്ടു വരുമാനമായി ഗ്രാമ പഞ്ചായത്തിലേക്കു വരേണ്ട ടെൻഡർ ഫോറം വില യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. മാസ്റ്റർ ഇംക്യംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യംബൻസി രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തിയതി | | തിയതി |
|---|---|---|---|
| പെർഫോൻസ് ഓഡിറ്റ് | 20.12.2018 | 2018 നവംബർ | -20.12.2018 |
| എ.ജി ഓഡിറ്റ് | 27.7.2017 മുതൽ 28.07.2017 വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Own Fund (MDC ബാങ്ക്) ബാങ്ക് ബുക്ക് ദിനേന സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. പാസ് ബുക്കുകൾ വർഷാവസാനത്തിൽ മാത്രമാണ് റീകൺസിലിയേഷൻ നടത്തിയിട്ടുള്ളത്.
3. 2016-17 എ.എഫ്.എസ്. ലെ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിൽ 6954814 (2741938 + 2597404 + 727594 + 887878) രൂപയാണ് പിരിഞ്ഞ് കിട്ടാനുള്ളത്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം, ഡിമാന്റ് 3090603 ആണ്.
4. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, തൻവർഷ ഡിമാന്റ് 4408823 രൂപയാണ്. എന്നാൽ 1-1 ഷെഡ്യൂൾ പ്രകാരം, ആയത് 4411813 (2250790 + 2161023) ആണ്.
5. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, തൻവർഷം 4513589 രൂപയും കുടിശ്ശികയിനത്തിൽ 3247204 രൂപയും വരവുണ്ട്. എന്നാൽ RP – 43 പ്രകാരം തൻവർഷം 4263970 (2143887 + 2120083) രൂപയും കുടിശ്ശികയിനത്തിൽ 3045615 (1640691 + 1404924) രൂപയുമാണ് വരവ്.
6. RP – 34 പ്രകാരം bidders EMD വരവ് 15750 ആണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 20550 ആണ്.
7. RP – 34 പ്രകാരം Other deposit വരവ് 47629 ആണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 62629 ആണ്.
8. 2016-17 വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.
9. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നസ്റത്ത് സെക്കന്ററി സ്കൂൾ, രണ്ടത്താണി എന്ന സ്ഥാപനത്തിലെ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് 2017-18 രണ്ടാം അർദ്ധവർഷത്തിൽ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| | ജീവന ക്കാരന്റെ പേര് | തസ്തിക | മാസ വരുമാനം | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാക്കിയത് രസീതി- 117070111220 / 6.3.18 | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | വിജയ ലക്ഷ്മി | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 2. | പ്രിയ ലത | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 3. | വനിത | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 4. | ഷമീർ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 5. | റഹീന | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 6. | ജിഷ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 7. | ജ്യോതി ലക്ഷ്മി | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 8. | ബിന്ദു | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 9. | നസീമ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 10. | ഷാഹിദ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 11. | അബ്ദുറഹിമാൻ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 12. | മുഹമ്മദ് | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 13. | ഉസ്മാൻ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 14. | യഹ്കൂഹ് | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 15. | ബഷീർ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 16. | മരക്കാർ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 17. | സഫീറ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 18. | മുനീറ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| 19. | ദിവ്യ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 20. | ജഫ്ന | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 21. | ഫൗസിയ | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 22. | ശ്രുതി | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 23. | സുഹറാബി | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 24. | സീനത്ത് | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 25. | ജമീല | ടീച്ചർ | 6000 | 36000 | 300 | 180 | 120 |
| 26. | ശീജ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 27. | സൗദ | ടീച്ചർ | 4000 | 24000 | 180 | 120 | 60 |
| 28. | അബ്ദുൾ മജീദ് | ഹെഡ് മാസ്റ്റർ | 7000 | 42000 | 300 | 180 | 120 |
| | ആകെ | | | | | | 2760 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.1.2019) നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഈടാക്കിയതിൽ കുറവ് വന്ന 2760 രൂപ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, | 50രൂപ/ച.മീ |

| | |
|---|---|
| ഷോപ്പുകൾ, ഗോഡൗൺ | |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ ആകെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിനാൽ ഓരോ മുറിയുടേയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 1/ 42 A മുതൽ 42 G വരെ | അബ്ദുൽ റഷീദ് മൂർക്കത്ത് | 102 | 30 | 50 |
| 10/ 15 C മുതൽ S വരെ | അഷ്റഫ് പുളിക്കൽ, ജാറത്തിങ്ങൽ, കാടാമ്പുഴ | 195 | 30 | 50 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

നികുതി നിർണ്ണയത്തിലുള്ള അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.1.2019) നൽകിയ മറുപടിയിൽ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-3 <u>കളക്ഷൻ തുകയിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തു.</u>

ഗ്രാമ പഞ്ചായത്തിലെ 14.1.2019 ലെ കളകക്ഷൻ തുക 15779 രൂപയാണ്. എന്നാൽ ഇതിൽ 12823 രൂപ മാത്രമാണ് തൊട്ടടുത്ത് ദിവസം ക്യാഷ് ബാലൻസ് പരിശോധനക്ക് ഹാജരാക്കിയത്. (2956 രൂപ കുറവ്). കുറവുള്ള 2956 രൂപ ഓഫീസ് സ്റ്റേഷനറി വാങ്ങുന്നതിന് നേരിട്ട് ഉപയോഗിച്ചതാണെന്ന് സെക്രട്ടറി അറിയിച്ചു. ഇത്തരത്തിൽ കളക്ഷൻ തുകയിൽ നിന്ന് നേരിട്ട് ചെലവു ചെയ്യുന്നത് ക്രമപ്രകാരമല്ല. കളക്ഷൻ തുക പൂർണ്ണമായും ബാങ്കിൽ അടവാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (7/23.1.2019) നൽകിയ മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

## 2-4 നമ്പറില്ലാത്ത രസീതി ബുക്ക് ഉപയോഗിച്ച് ലൈബ്രറിയിൽ പണം പിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ലൈബ്രറിയിൽ പണം പിരിക്കുന്നത് ബുക്ക് നമ്പറോ, രസീതി നമ്പറോ ഇല്ലാത്ത രസീതി ബുക്ക് ഉപയോഗിച്ചാണ്. ലൈബ്രറി രസീതി ബുക്കുകളുടെ സ്റ്റോക്ക് വിവരം പഞ്ചായത്തിൽ ഇല്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.1.2019) നൽകിയ മറുപടിയിൽ, ഗ്രാമലക്ഷ്മിയിൽ നിന്നും വാങ്ങിയ പ്രസ്തുത രസീതി ബുക്കുകളിൽ മാന്വൽ ആയി നമ്പറിട്ട് ഇഷ്യൂ ചെയ്യുന്നതാണെന്ന് അറിയിച്ചു. രസീതി ബുക്കുകളുടെ സ്റ്റോക്ക് ഇഷ്യൂ വിവരം രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. പെർമിറ്റ് അനുവദിച്ച എല്ലാ കെട്ടിടങ്ങളുടേയും പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല

2017-18 വർഷത്തിൽ വസ്തു നികുതിയിനത്തിൽ 100ശതമാനം കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റിലയൻസ് ടെലി കോം.ലി. എന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി 2017-18 വർഷത്തിൽ ഈടാക്കിയിട്ടില്ല. പ്രസ്തുത ടവറിന്റെ വസ്തു നികുതി വർഷങ്ങളായി കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ

| ടവർ/ കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | ആകെ ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 14/ 1547 | ഗോപ കുമാർ | 12600 | 2013-14 മുതൽ 2017-18 വരെ | 63,000 |

വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.1.2019) നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. വസ്തു

നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല.

2017-18 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല .വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | അടങ്കൽ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|
| മരുതിൻചിറ പുല്ലാട്ടിൻപടി പാത്ത്വെ കോൺക്രീറ്റ് (152/18) | 200000 | 3 | 3x500=1500 |
| ഗണപതിപ്പടി പല്ലികുത്ത് റോഡ് കോൺക്രീറ്റ്(155/18) | 100000 | 2 | 2x500=1000 |
| സൗത്ത് സ്കൂൾ മേൽമുറി പള്ളി റോഡ് ടാറിംഗ് (163/18) | 200000 | 2 | 2x500=1000 |
| മരുതിൻചിറ മൂർക്കനാട് തോടിൽ തടയണ നിർമ്മാണവും വിസിബി പുനരുദ്ധാരണവും (348/18) | 645000 | 3 | 3x1456=4368 |
| PHC Toilet complex നിർമ്മാണം | 1000000 | 2 | 2100x2=4200 |
| പിലാത്തറ നീരാണി ഇടവഴി നടപ്പാത കോൺക്രീറ്റ് (223/18) | 70000 | 2 | 2x500=1000 |
| ആറ്റുപറം കല്ലൻ വലിയാപു റോഡ് | 200000 | 4 | 4x500=2000 |

| | | | |
|---|---|---|---|
| കോൺക്രീറ്റ് (225/18) | | | |
| പി.എം.എസ്.എ മസ്ജിദ് എടക്കണ്ടൻ പട് റോഡ്(227/18) | 150000 | 3 | 3x500=1500 |
| മുഴങ്ങാണി പി.എം.എസ്.എ ബൈപ്പാസ് റോഡ് ടാറിംഗ് (230/18) | 300000 | 4 | 4x600=2400 |
| മൂർക്കനാട് അംഗൻവാടി റോഡ് കോൺക്രീറ്റ് (252/18) | 100000 | 4 | 4x500=2000 |
| മരുതൻചിറ മൂർക്കനാട് റോഡ് റീ ടാറിംഗ്(253/18) | 400000 | 2 | 2x800=1600 |
| പാലകത്ത് പടി മൂർക്കനാട് റോഡ് ബൈപ്പാസ് കോൺക്രീറ്റ് (255/18) | 200000 | 4 | 4x500=2000 |
| പള്ളിയാൽ വല്ലംകുളം റോഡ് ടാറിംഗ്(261/18) | 250000 | 2 | 2x500=1000 |
| മൂർക്കനാട് ഇടവഴി കോൺക്രീറ്റ് (272/18) | 100000 | 2 | 2x500=1000 |
| എ.സി നിരപ്പ് കുഴൽകിണർപരമ്പൻ പടി റോഡ് കോൺക്രീറ്റ്(267/18) | 100000 | 2 | 2x500=1000 |
| പൂവൻചിറ അംഗൻവാടി റോഡ് കോൺക്രീറ്റ് (278/18) | 200000 | 3 | 3x500=1500 |
| പറമ്പിമൂച്ചിക്കാട് എടമപ്പള്ളി റോഡ് ടാറിംഗ് (273/18) | 155000 | 2 | 2x500=1000 |

| | | | |
|---|---|---|---|
| അമ്മേങ്ങര പുന്നത്തല മൂന്നാൻ റോഡ് റീടാറിംഗ്(274/18) | 200000 | 2 | 2x500=1000 |
| ജാറത്തിങ്ങൽ അംഗൻവാടി മില്ലും പടി റോഡ് റീടാറിംഗ് (308/18) | 100000 | 2 | 2x500=1000 |

ആകെ 32068

മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ച് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം - ടെൻഡർ നിരക്കിലും കൂടുതൽ തുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ : 346/18 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം

ബിൽ നമ്പർ : 04/17-18/30.01.2018

തുക : 3,99,990/-

മേൽ പ്രോജക്ട് പ്രകാരം 10 എൽ ഇ ഡി ടി.വികൾ അനുബന്ധ സ്റ്റെബിലൈസർ, സ്പീക്കർ എന്നിവ ഇൻഫോഡോട്ട് നെറ്റ് വർക്കിംഗ് കമ്പനി, മഞ്ചേരിയിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

i. ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ii. ഇൻഫോഡോട്ട് നെറ്റ് വർക്കിംഗ് കമ്പനി, മഞ്ചേരിയുടെ അംഗീകരിച്ച ടെൻഡർ പ്രകാരം എൽ ഇ ഡി ടി വി അനുബന്ധ ഉപകരണങ്ങൾക്ക് യൂണിറ്റിന് അനുവദനീയമായ തുക 38800/- രൂപയാണ്. എന്നാൽ യൂണിറ്റിന് 39999/- രൂപ പ്രകാരം 10 യൂണിറ്റിന് 399990/- രൂപ അനുവദിച്ചിട്ടുണ്ട്. 11990/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മേൽ വിവരം കാണിച്ച നൽകിയ എൻക്വയറി നമ്പർ 3/21-01-19 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-2 സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ: 345/18 സമഗ്രവിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്തൽ പാഠ്യ- പാഠ്യേതര മേഖല

ബിൽ നമ്പർ : 08/17-18/20.03.2018: 30,000/-

തനത് ഫണ്ട്: i)ചെക്ക് നമ്പർ: 6857203/29.01.2018 (331000) + 6857215/08.03.2018 (304000/-)= 6,35,000/-

മേൽ പ്രോജക്ട് പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മേഖലകൾക്കു ചെലവഴിച്ച തുകകളുടെ വിവരം, നിർവ്വഹണത്തിലെ അപാകതകൾ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെക്ക് നമ്പർ/ തിയ്യതി/ തുക | ചെല വഴിച്ച തുക | പ്രോജക്ട് പ്രകാരം പ്രവർത്തനത്തിന്റെ വിവരം | അപാകങ്ങൾ |
|---|---|---|---|---|---|
| 1 | മാറാക്കര എഡ്യുക്കേഷൻ ഡെവലപ്പ്മെന്റ് സെന്റർ | 6857203/ 29.01.2018 (331000) + 6857215/ 08.03.2018 (304000/-) | 60000 | MEDC യുടെ സെക്രട്ടറി സ്ഥാനം വഹിച്ച വകയിൽ ശ്രീ സുധീഷ് എന്നവർക്കു ഹോണറേറിയം നൽകിയത് | ശ്രീ സുധീഷ് എന്നവരുടെ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ഉള്ളത്. MEDC യുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമല്ല. ചെലവു തുക 60000/- രൂപ തടസ്സം ചെയ്യുന്നു |
| 2 | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രൈനിംഗ് | | 200000 | പഞ്ചായത്തിലെ 9 എൽ പി യു പി സ്കൂളുകളിലെ കുട്ടികൾക്കായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തിയതിന് English Language Training Academy എന്ന സ്ഥാപനത്തിന് തുക നൽകിയത് | വിവിധ സ്കൂളുകളിലായി ക്ലാസ്സ് എടുത്തതിന് സ്ഥാപനത്തിന് 200000/-രൂപ നൽകിയിട്ടുണ്ട്. എൽ പി സ്കൂളിലെ കുട്ടികൾക്ക് ക്ലാസ്സ് എടുക്കാൻ ഈ ഏജൻസിയെ തെരെഞ്ഞെടുക്കാനുണ്ടായ കാരണം വ്യക്തമല്ല. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ക്ലാസ്സിന്റെ മൊഡ്യൂൾ പരിശോധിച്ചതിൽ കുട്ടികളെ ഇംഗ്ലീഷ് |

| | | | | | |
|---|---|---|---|---|---|
| | | | | | സംസാരിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മൊഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ സ്കൂളിലെ അധ്യാപകർക്കു തന്നെ കൈകാര്യം ചെയ്യാവുന്നതാണ്. ആയതിന് ഒരു ഏജൻസിയെ നിയോഗിച്ചത് മാർഗ്ഗരേഖ പ്രകാരമല്ല. ടി പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുമില്ല. ചെലവു തുക 200000/- രൂപ തടസ്സം ചെയ്യുന്നു. |
| 3 | പ്രതിഭ പരിശ്ശീലനം | | 120000 | പഞ്ചായത്തിലെ മികച്ച പഠന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനായി Center for Continuing Education, kerala എന്ന സ്ഥാപനത്തിന് തുക നൽകി | Center for Continuing Education, kerala എന്ന സ്ഥാപനത്തിന് 100000/- രൂപ നൽകി. ആയതിന്റെ കൈപ്പറ്റ് രശീതിയും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളെ പൊന്നാനിയിലുള്ള പഠന കേന്ദ്രത്തിലെത്തിക്കാൻ യാത്രാ ചെലവിനായി 20,000/- രൂപ ചെലവഴിച്ചെന്നു പറയുന്നെങ്കിലും ആയതിന് രേഖകൾ ഇല്ല. ചെലവഴിക്കാത്ത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | അടവാക്കേണ്ടതാണ്. ഏതൊക്കെ കുട്ടികളാണ് പരിശ്ശീലന പരിപാടിയിൽ പങ്കെടുത്തത്, എന്നാണ് ക്ലാസ്സുകൾ നടന്നത് എന്നതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ചെലവു തുക 1,20,000/- രൂപ തടസ്സത്തിൽ വെക്കുന്നു. |
| 4 | പഠനയാത്ര | | 49000 | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനയാത്ര നടത്തിയത്. | ഒരു വിഭാഗം കുട്ടികൾക്ക് മാത്രമായി ഉല്ലാസ യാത്ര നടത്തിയത് അംഗീകരിക്കുന്നില്ല. തുക തടസ്സം ചെയ്യുന്നു. |

മേൽ പ്രവർത്തനങ്ങൾ മാറാക്കര പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി വർഷങ്ങളായി തുടർന്നു വരുന്ന പ്രവർത്തനങ്ങളാണെന്നാണ് വിശദീകരിച്ചത്. വിദ്യാഭ്യാസ മേഖലയിൽ ഇങ്ങനെയുള്ള ഇടപെടലിന് മുന്നോടിയായി മേഖലയിൽ മുൻവർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ പ്രവർത്തനങ്ങൾ SSA, RMSA പദ്ധതികളുടെ ആവർത്തനമല്ലെന്ന് ഉറപ്പുവരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണെന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. ആയത് ഉറപ്പു വരുത്തിയിയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ കാനറാ ബാങ്ക് കാടാമ്പുഴ ശാഖയിൽ 16.01.2018 ന് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. തനത് ഫണ്ട് ട്രാൻസാക്ഷൻ ഈ അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നു. 31.03.2018 ന് ഈ അക്കൗണ്ടിൽ 31551/- രൂപ നീക്കിബാക്കിയുണ്ട്. പദ്ധതി അടങ്കൽ തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല. അക്കൗണ്ടിൽ നിലവിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതും, അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21.01.2019) മറുപടി ലഭ്യമാക്കിയില്ല.

## 3-3 മുൻകൂർ തുക നൽകി- മരുന്നുകൾ ലഭ്യമായില്ല

2017-18 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ

പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

<table>
<tr><th rowspan="2">ക്രമ നമ്പർ</th><th rowspan="2">പ്രോജക്ട്</th><th rowspan="2">ബിൽ നമ്പർ/തിയ്യതി</th><th rowspan="2">പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി</th><th rowspan="2">തുക</th><th colspan="2">ലഭ്യമാക്കിയ മരുന്നുകളുടെ</th><th rowspan="2">ലഭ്യമാക്കാനവശേഷിക്കുന്ന തുക</th></tr>
<tr><th>ഇൻവോയ്സ് നമ്പർ/ തിയ്യതി</th><th>തുക</th></tr>
<tr><td rowspan="3">1</td><td rowspan="3">207/2018 (പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - വൃദ്ധരുടെ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ഉൾപ്പെടെ)</td><td rowspan="3">4/17-18 /25.01.2018 : 3,00,000/-</td><td>PRF 2726/ 08.12.2017</td><td>86356</td><td>NIL</td><td></td><td>86356</td></tr>
<tr><td rowspan="2">PRF 495/ 08.12.2017</td><td rowspan="2">213644</td><td>11441/ 29.10.2018</td><td>15922</td><td rowspan="2">160967</td></tr>
<tr><td>4838/13.07.2018</td><td>36755</td></tr>
<tr><td></td><td></td><td>300000</td><td></td><td>300000</td><td></td><td>52677</td><td>247323</td></tr>
<tr><td rowspan="6">2</td><td rowspan="6">205/18 പരിരക്ഷ</td><td rowspan="6">5/17-18 /25.01.2018 :100000 (out of 1,47,000/-)</td><td rowspan="3">PRF 498/ 08.12.2017</td><td rowspan="3">48545</td><td>1466/13.11.2018</td><td>4214</td><td rowspan="3">31675</td></tr>
<tr><td>5260/25.07.2018</td><td>10735</td></tr>
<tr><td>724/28.07.2018</td><td>1921</td></tr>
<tr><td rowspan="3">PRF 2730/ 08.12.2017</td><td rowspan="3">51455</td><td>5575/28.07.2018</td><td>15936</td><td rowspan="3">13595</td></tr>
<tr><td>7595/29.8.2018</td><td>11105</td></tr>
<tr><td>11106/25.10.2018</td><td>10819</td></tr>
<tr><td></td><td></td><td></td><td></td><td>100000</td><td></td><td></td><td>45270</td></tr>
</table>

മുൻകൂർ നൽകിയ തുകക്ക് നാളിതു വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ

നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/21.01.2019) മുൻകൂറായി നൽകിയ തുകക്ക് മുഴുവനായി മരുന്നുകൾ ലഭ്യമായാൽ ആയത് സൂക്ഷിക്കാൻ പി എച്ച് സി യിൽ സ്ഥലസൗകര്യമില്ലെന്നും ആവശ്യത്തിന് വേണ്ട മരുന്നുകൾ വേണ്ട സമയത്ത് ലഭ്യമാക്കാൻ ഫോൺ മുഖേന ആവശ്യപ്പെടാറാണെന്നും ആയതിനനുസരിച്ച് മരുന്നുകൾ ലഭ്യമാക്കാറുണ്ടെന്നുമാണ് മറുപടി നൽകിയത്. പി എച്ച് സി യിലേക്ക് ആവശ്യമായ മരുന്നുകൾക്കു മാത്രം മുൻകൂറായി തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നു ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതു വരെ ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകളുടെ വില 292593/- (247323 + 45270) തടസ്സത്തിൽ വെക്കുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ:ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ: 343/18 എസ് എസ് എ വിഹിതം

ബിൽ നമ്പർ : 01/17-18/24.07.2017

തുക : 10,00,000/-

മേൽ പ്രോജക്ട് പ്രകാരം 1000000/- രൂപ എസ് എസ് എ വിഹിതമിനത്തിൽ പിൻവലിച്ചുവെങ്കിലും തുക കൈപ്പറ്റിയ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-5 ലൈബ്രറി പ്രവർത്തനം വിപുലമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ: 311/18 സാംസ്കാരിക നിലയം ലൈബ്രറിക്ക് പുസ്തകവും റാക്കും വാങ്ങൽ

ബിൽ നമ്പർ :i. 18/17-18/06.10.2017 (തുക : 79578/-)

ii. 47/17-18/22.03.2018 (തുക : 38509/-)

iii.49/17-18/24.03.2018 (തുക : 30000/-)

iv. 50/17-18/24.03.2018 (തുക :10000/-)

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ലൈബ്രറിക്ക് റാക്ക്, 500 രൂപയുടെ 20 കസേരകൾ, ബുക്കുകൾ എന്നിവ പർച്ചേസ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ഫയൽ പരിശോധിച്ചതിൽ 2 റാക്കുകളും 3 റിവോൾവിംഗ് ചെയറുകളും സിഡ്കോയിൽ നിന്നും വാങ്ങിയതിന് ക്രമ നമ്പർ i ബിൽ പ്രകാരം 79578/- രൂപ നൽകിയിട്ടുണ്ട്. ക്രമ നമ്പർ ii ബിൽ പ്രകാരം കറന്റ് ബുക്സിൽ നിന്നും, ക്രമ നമ്പർ iii, ivബില്ലുകൾ പ്രകാരം ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കറന്റ് ബുക്സ്, ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങൾ പണം കൈപ്പറ്റിയ രശീതി ലഭ്യമാക്കിയിട്ടില്ല. ഇൻവോയ്സ് പ്രകാരമുള്ള പുസ്തകങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്കിലെടുത്തതിന്റെ കൃത്യത പരിശോധിക്കാനായില്ല. കറന്റ് ബുക്സിൽ നിന്നും ലഭ്യമാക്കിയ പുസ്തകങ്ങൾ എല്ലാം തന്നെ എഞ്ചിനീയറിംഗ്, ഹോട്ടൽ മാനേജ്മെന്റ്, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് തുടങ്ങിയ മേഖലകളിലേക്കുള്ള റഫറൻസ് ഗ്രന്ഥങ്ങളാണ്. ലൈബ്രറിയിൽ ആകെ 11 ആക്ടീവ് മെമ്പേഴ്സ് ആണ് ഉള്ളത്.

മേൽത്തരം റഫറൻസ് ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുതകുന്ന മെമ്പർമാർ ആരും തന്നെ ലൈബ്രറിയിൽ അംഗങ്ങളല്ല. ലൈബ്രറി വിപുലപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പേ-റിവിഷൻ അരിയർ- ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

2017-18 വർഷത്തിൽ G.O.(P) No.7/2016/Fin. Dated 20/01/2016 പ്രകാരം ജീവനക്കാരുടെ ശമ്പള നിർണ്ണയം ചെയ്ത് കുടിശ്ശിക ശമ്പളം കൈപ്പറ്റിയിട്ടുണ്ട്. ജീവനക്കാരുടെ പേറിവിഷൻ അരിയർ ശമ്പളത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു. ആയതിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പേര് | തസ്തിക | അടിസ്ഥാന ശമ്പളത്തിന്റെ കുടിശ്ശിക | അടവാക്കേണ്ട തുക 15% |
|---|---|---|---|---|
| 1 | ശ്രീ മനോജ് വി | ജൂനിയർ സൂപ്രണ്ട് | 7x16920=118440<br>6x17380=104280<br>1x17572=17572<br>5x17840= 89200<br>---------<br>329492 | 49423 |
| 2 | ശ്രീ എസ് എൻ ഗിരീഷ് | അക്കൗണ്ടന്റ് | 12x14920=179040<br>3 x15320 = 45960<br>4x16920=67680<br>-----------<br>292680 | 43902 |
| 3 | ശ്രീ ജിനേഷ് എസ് | ക്ലർക്ക് | 6x11180=67080<br>12x11480=137760 | 32493 |

| | | | | |
|---|---|---|---|---|
| | | | 1 x11780 = 11780<br>-----------<br>216620 | |
| 4 | ശ്രീമതി ശ്രീജ ഇ സി | ക്ലർക്ക് | 3x10060=30180<br>16x10340=165440<br>------------<br>195620 | 29343 |
| 5 | ശ്രീമതി സജിനി ആൻജിലോസ് | ക്ലർക്ക് | 3x10060=30180<br>16x10340=165440<br>-----------<br>195620 | 29343 |
| 6 | ശ്രീ ജോയ് | ഓഫീസ് അറ്റൻഡന്റ് | 7x11780=82460<br>12x12080=144960<br>------------<br>227420 | 34113 |
| 7 | ശ്രീ അബ്ദുന്നാസർ പി | പാർട്ട് ടൈം ലൈബ്രേറിയൻ | 10x6060=60600<br>9x6160=55440<br>-----------<br>116040 | 17406 |
| 8 | ശ്രീമതി ലീല പി | പാർട്ട് ടൈം സ്വീപ്പർ | 12x5700=68400<br>7x5820=40740<br>------------<br>109140 | 16371 |

| | | | | |
|---|---|---|---|---|
| 9 | ശ്രീമതി രാജലക്ഷ്മി സി വി | ഹെഡ് ക്ലർക്ക് | 1x8260=8260<br>1x1102=1102<br>6x16520=99120<br>1x6608=6608<br>------------<br>115090 | 17264 |
| 10 | ശ്രീ സുരേഷ് കുമാർ വി വി | ഹെഡ് ക്ലർക്ക് | 12x16520=198240<br>7x16920=118440<br>-------------<br>316680 | 47502 |
| 11 | ശ്രീ സതീശൻ ടി എം | സീനിയർ ക്ലർക്ക് | 6x13290=79740<br>12x13610=163320<br>1x13900=13900<br>-------------<br>256960 | 38544 |
| 12 | ശ്രീമതി അനിത ജെ സ്റ്റീഫൻ | സെക്രട്ടറി | 4x28100=112400<br>12x28830=345960<br>3x29560=88680<br>-------------<br>547040 | 82056 |

മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24.01.2019) തുക

അടവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഷീ പാഡ് പ്രോജക്ട് - തുടർ മോണിറ്ററിംഗ് ഇല്ലാത്തത്

പ്രോജക്ട് നമ്പർ: 132/18 സ്കൂളിൽ ഷീ പാഡ് നൽകൽ

ബിൽ നമ്പർ : 48/17-18/22.03.2018

തുക : 83739/-

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 5 സ്കൂളുകൾക്ക് (യു പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി) 6 ഷീ പാഡ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടിനായി 2016-17 ൽ 279276/- രൂപ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകിയിരുന്നു. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 02.02.2018ന് ലഭ്യമാക്കിയതിനു ശേഷം ബാക്കി തുക 83739/- രൂപ ഈ വർഷത്തിൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

പദ്ധതി പ്രകാരം ഷീ പാഡ് യൂണിറ്റുകൾ സ്കൂളുകളിൽ സ്ഥാപിച്ച് ഒരു വർഷമായിട്ടും പഞ്ചായത്ത് അറിഞ്ഞിട്ടില്ല. മുൻകൂർ തുക നൽകിയെങ്കിലും വനിതാ വികസന കോർപ്പറേഷനുമായി കരാർ ചമച്ചിട്ടില്ല. യൂണിറ്റുകളുടെ വാറണ്ടി എത്രയാണെന്നോ, സർവ്വീസ്, മെയിന്റനൻസ് എന്നിവ നടത്തേണ്ടത് ആരാണെന്നോ വ്യക്തമല്ല.

പഞ്ചായത്തിലെ സ്കൂളുകളിൽ 23.1.2019 ന് സ്ഥലപരിശോധന നടത്തിയതിൽ എ യു പി എസ് കാടാമ്പുഴയിൽ സ്ഥാപിച്ച ഷീ പാഡ് യൂണിറ്റ് പ്രവർത്തനരഹിതമാണെന്ന് കണ്ടു. കൂടാതെ പദ്ധതി പ്രകാരം ലഭ്യമാക്കിയ സാനിറ്ററി നാപ്കിനുകളിൽ വലിയൊരു ഭാഗവും ഒരു വർഷമായിട്ടും ഉപയോഗിച്ചിട്ടില്ല. ആരോഗ്യ ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ കൃത്യമായ മോണിറ്ററിംഗ് മേൽ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. സാനിറ്ററി നാപ്കിനുകൾ ആവശ്യത്തിനനുസരിച്ച് മാത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ സ്ഥാപിച്ച 6 ഷീ പാഡ് യൂണിറ്റുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ച്, മെയിന്റനൻസ് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/24.01.2019) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബയോ ഗ്യാസ് പ്ലാന്റ് മുഴുവനായും സ്ഥാപിക്കാത്തത്

പ്രോജക്ട് നമ്പർ 245/2018 ആയി സ്പിൽ ഓവറായി നടപ്പിലാക്കിയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനത്തിൽ വിതരണം ചെയ്തവ ഇനിയും സ്ഥാപിക്കാനവശേഷിക്കുന്നുണ്ട്.

ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 0.5 ക്യു.മീ ശേഷിയുള്ള വാട്ടർ ജാക്കറ്റുള്ള 112 എണ്ണം FRP ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനാണ് മുണ്ടൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന IRTC യുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ വി ഇ ഒ 24.03.2017 ന് കരാർ വെച്ചത്. പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് ബയോ ഗ്യാസ് പ്ലാന്റ് എത്തിച്ച് ഗുണഭോക്താക്കൾ അവരുടെ സ്വന്തം ചെലവിൽ വീടുകളിൽ എത്തിച്ച് IRTC യുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി

നൽകാനാണ് കരാറിൽ വ്യവസ്ഥ ചെയ്യുന്നത്.

ഗുണഭോക്തൃ വിഹിതം 3000 രൂപയും സബ്സിഡി 7500 രൂപയും ഉൾപ്പെടെ 10500 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 112 എണ്ണത്തിന് ആകെ ചെലവ് കണക്കാക്കിയത് 11.76 ലക്ഷം രൂപയാണ്. 2016-17 ൽ അനുവദിച്ച 2,35,200 രൂപയും 2017-18 ൽ അനുവദിച്ച 8,70,000 രൂപയും (തനത് ഫണ്ട് ചെക്ക് നമ്പർ 011101/18.9.17, 4943176/29.12.17) ശുചിത്വ മിഷൻ ഫണ്ട് വിഹിതം 40,400 രൂപയും ഉൾപ്പെടെ 11,45,600 രൂപ സ്ഥാപനത്തിന് നൽകി കഴിഞ്ഞു. കരാർ പ്രകാരം 30400 രൂപ ഇനിയും അനുവദിക്കാനുണ്ട്. സ്ഥാപനം വിതരണം ചെയ്തതിൽ ഇനിയും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാനുള്ളത് താഴെ കാണിച്ച ഗുണഭോക്താക്കളുടേതാണ്.

1.ലേഖ പി വി

2.മുഹമ്മദ് ബാവ തന്ത്രംപള്ളി

3. സമീറ

4.സെറീന

5.ബീരാൻകുട്ടി അമ്പലത്തിങ്ങൽ

6.രാമചന്ദ്രൻ വാകേരി

7.റുഖിയ മാനത്തുകുഴിയിൽ

8.രമേശൻ കെ.പി

9.ഹംസ മുല്ലശേരി

ഗ്രാമപഞ്ചായത്തിലെ ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്ന കോമ്പൗണ്ടിലാണ് മേൽകാണിച്ച ഗുണഭോക്താക്കളുടെ ബയോ ഗ്യാസ് പ്ലാന്റിനുള്ള ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്നത്.

20.09.2012 ലെ സ.ഉ നം (ms) 239/2012/ LSGD ലെ വ്യവസ്ഥകൾ പ്രകാരം പ്ലാന്റ് സ്ഥാപിച്ച് ഒരു വർഷത്തേക്കുള്ള തുടർ പ്രവർത്തനമാണ് സ്ഥാപനം നൽകുന്നത്. വിതരണം ചെയ്ത ബയോ ഗ്യാസ് ഉപകരണങ്ങൾ സ്ഥാപിക്കാത്തത് പൊതു ഫണ്ടിന്റെ ദുർവ്യയമാണ്. ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് റിപ്പോർട്ട് ലഭ്യമാക്കും വരെ സബ്സിഡി തുക 67500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 അജൈവമാലിന്യ സംഭരണവും സംസ്കരണവും - നടപടികളിലെ പോരായ്മകൾ

പ്രോജക്ട് 341/18 മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യം എത്തിക്കലെന്ന പ്രോജക്ടിനായി 7.5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ വാർഡുകളിൽ നിന്നും അജൈവമാലിന്യം ശേഖരിച്ച് വേർതിരിക്കുന്നതിനുള്ള സംഭരണകേന്ദ്രം (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കാൻ പഞ്ചായത്തിനായിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ MCFകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ രണ്ടാം ഘട്ട തരംതിരിവിനും ഷ്രെഡിങ്ങിനും ബെയിലിങ്ങിനും അടക്കമുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

കേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടും സംഭരണ കേന്ദ്രത്തിന് സ്ഥലം കണ്ടെത്തി കെട്ടിടമുണ്ടാക്കാനുള്ള പ്രവർത്തനം ഏറ്റെടുക്കാനാവാത്തത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതല നിറവേറ്റുന്നതിലെ വീഴ്ചയാണ്.

ഓഡിറ്റ് വർഷത്തിൽ മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, സപ്പോർട്ട് ഓർഗനൈസേഷനുകൾ എന്നിവ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ പത്രികയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം വികസന ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കാനുള്ള, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. തുടർന്ന് 2018-19 വർഷത്തിലാണ് ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിത കർമ്മസേനയുടെ രൂപീകരണവും പരിശീലന പരിപാടികളും ഏറ്റെടുക്കാനായത്.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള മർഗ്ഗരേഖയിലും ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ നിർദ്ദേശങ്ങൾ അംഗീകരിച്ച 15.07.2017 ലെ 2420/2017/തസ്വഭവ ഉത്തരവിലും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനം രൂപീകരിച്ച് പ്രാവർത്തികമാക്കാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾക്ക് ഹരിത കർമ്മസേന രൂപീകരിച്ച് വാർഡുകളിലെ സർവ്വേയുടെ അടിസ്ഥാനത്തിൽ വിശദമായ മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖ തയ്യാറാക്കാനും ആയതിന് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം വാങ്ങാനും നിർദ്ദേശമുള്ളതാണ്. കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി 27 അംഗ ഹരിതകർമ്മസേന രൂപീകരിച്ചതാണെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് വീടുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമായ യൂസർഫീ നിശ്ചയിച്ചതായും ശേഖരിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി വി.ഇ.ഒ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിൽ സംയുക്തമായി ബാങ്ക് എക്കൗണ്ട് തുടങ്ങിയതായും അറിയുന്നു. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം വാർഡ്തല സർവ്വേയിലൂടെ മാലിന്യ സംസ്ക്കരണ പരിപാടിയുടെ രൂപരേഖ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം സ്ഥാപിക്കാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-10 പ്രതീക്ഷാ ഡേ കെയർ കേന്ദ്രം - ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തിയില്ല

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പ്രതീക്ഷാ ഡേ കെയർ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പ്രോജക്ട് നമ്പർ 192 ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയം, 194 ഹെൽപ്പർക്കുള്ള ഹോണറേറിയം, യാത്രാ സൗകര്യം എന്നിവയിൽ ഓഡിറ്റ് വർഷത്തിൽ ആകെ 2,58,399 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. ഭിന്നശേഷി വിഭാഗത്തിൽ നിന്നും 15 പേർ

രജിസ്റ്റർ ചെയ്ത് ദിവസത്തിൽ 10-12 നടുത്ത് ഹാജർ രേഖപ്പെടുത്തുന്ന സ്ഥാപനത്തിന്റെ നടത്തിപ്പിന് നിലവിൽ സ്പെഷ്യലിസ്റ്റ് ടീച്ചർ, ഫിസിയോ തെറാപ്പിസ്റ്റ്, 2 ഹെൽപ്പർമാർ, ഡ്രൈവർ എന്നീ വിഭാഗങ്ങളിലായി 5 ജീവനക്കാരാണുള്ളത്. സ്പെഷ്യലിസ്റ്റ് ടീച്ചർക്കുള്ള വേതനത്തിനവശ്യമായ ഫണ്ട് സ്ഥാപനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വെൽഫയർ കമ്മറ്റി പ്രാദേശികമായി ശേഖരിക്കുന്നതായറിയുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.07.2009 ലെ ജി.ഒ (എം.എസ്)148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാനും ആയതിന്റെ നടത്തിപ്പിനും വികസന ഫണ്ട് വകയിരുത്താൻ നിർദ്ദേശമുള്ളതാണ്. 06.04.2013 ലെ ജി.ഒ (എം എസ്) 144/2013/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാനും നിർദ്ദേശമുള്ളതാണ്. 2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 9 ലക്ഷം രൂപ ചെലവിൽ മേൽമുറി ജി.എൽ.പി.എസ് കോമ്പൗണ്ടിൽ ഡേ കെയർ സെന്ററിനായി കെട്ടിടമുണ്ടാക്കിയതായി രേഖയുണ്ടെങ്കിലും ഒറ്റമുറി ക്ലാസ്സ് മുറിയിലാണ് നിലവിൽ സെന്റർ പ്രവർത്തിക്കുന്നത്.

2014 ൽ തുടങ്ങിയ ഡേ കെയർ സെന്റർ സ്ഥാപനത്തിന് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം 06.04.2013 ലെ ജി.ഒ (എം എസ്) 144/2013/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ആവശ്യമാണ്. 18 വയസ്സിനു താഴെയുള്ള 7 പേരും 18 വയസ്സിന് മുകളിൽ പ്രായമുള്ള 8 പേരുമാണ് നിലവിൽ സ്ഥാപനത്തിലുള്ളത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്താനുള്ള നടപടിക്കായി പഞ്ചായത്ത് ഭരണ സമിതിയുടെ 09.01.2017 ലെ 5(1) നമ്പർ തീരുമാന പ്രകാരം കുടുംബശ്രീ ജില്ലാ മിഷന് പഞ്ചായത്ത് പ്രസിഡണ്ട് കത്തയച്ചതായി കാണുന്നുണ്ട്. ഡേ കെയർ സെന്ററിലെ ടീച്ചർ ഹാജരാക്കിയ ഫയലിൽ നിന്നാണ് കത്തിന്റെ പകർപ്പ് ലഭിച്ചത്. എന്നാൽ പഞ്ചായത്തിൽ നിന്നും ഔദ്യോഗികമായി ഭരണ സമിതി തീരുമാനം നടപ്പിലായി കിട്ടാൻ നടപടി സ്വീകരിക്കുകയോ പഞ്ചായത്ത് പ്രസിഡണ്ട് അയച്ച കത്തിൻമേൽ തുടർ നടപടി ഉറപ്പ് വരുത്തുകയോ ചെയ്തതിന് രേഖയില്ല.

ജില്ലാ പഞ്ചായത്തിന്റെ പ്രതീക്ഷ പദ്ധതിയിൽ തുടങ്ങിയ ഡേ കെയർ സെന്ററിനെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്താനുള്ള നടപടി പൂർത്തിയാക്കാൻ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലം, കെട്ടിടം എന്നിവ ഉപയോഗപ്പെടുത്താനാകുമോയെന്ന് പരിശോധിക്കപ്പെടണം. അതോടൊപ്പം ബഡ്സ് സ്ഥാപനം ആരംഭിക്കാൻ മലപ്പുറം കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമായ (23.10.2018 ലെ ഉത്തരവ്) ആദ്യ ഗഡു ധനസഹായം 12.5 ലക്ഷം രൂപ ഉപയോഗപ്പെടുത്തുന്ന കാര്യത്തിലും കൃത്യമായ ആസൂത്രണവും തുടർ പ്രവർത്തനവും ആവശ്യമാണ്.

വികസന ഫണ്ട് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഡേ കെയർ സെന്ററിനെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ യോഗ്യതയുള്ള സ്റ്റാഫിന്റെ സഹായത്തോടെ നിയമപരമായ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്താനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങൾ പൂർത്തിയാക്കിയ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചു.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-11 വിവാഹ ധനസഹായ തുക അനുവദിച്ചതിലെ അപാകത

എസ് സി വിഭാഗത്തിലെ നിർദ്ധനരായ പെൺകുട്ടികൾക്ക് പട്ടിക ജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി നൽകി വരുന്ന വിവാഹ ധനസഹായം നിശ്ചിത കുടുംബ വാർഷിക വരുമാന പരിധി പാലിച്ച് 50,000 രൂപയിൽ നിന്നും 75000 രൂപയായി വർദ്ധിപ്പിച്ച് 22.03.2017 ലെ സ.ഉ (കൈ)നം 21/2017 പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 13 ാം പഞ്ചവൽസര പദ്ധതിയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സബ്സിഡി പരിധി നിശ്ചയിച്ച മാർഗ്ഗരേഖയിൽ വിവാഹ ധനസഹായ തുക 75000 രൂപയായി വർദ്ധിപ്പിക്കുന്നത് 01.04.2017 മുതലാണ്.

ഗ്രാമപഞ്ചത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രൊജക്ട് 209/2018 ൽ എസ്.സി വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായി 8.25 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിൽ 11 ഗുണഭോക്താക്കൾക്ക് 75000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കാൻ നിലവിലെ ഉത്തരവ് പ്രകാരം സാധ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | വിവാഹം നടന്ന ദിനം | ചെലവ് വിവരം |
|---|---|---|---|
| 1 | നിഷ D/o പ്രേമ അയ്യപ്പൽ ചിറക്കൽത്തൊടി | 23.03.2017 | ബിൽ നമ്പർ 3/17-18 തീയതി 31.07.17. 3 ലക്ഷം |
| 2 | സുമിഷ D/o ശോഭന ഒരുവിൽത്തൊടി | 01.02.2016 | ബിൽ നമ്പർ 17/17-18 തീയതി 14.03.18. 0.75ലക്ഷം |

വകുപ്പ് തലത്തിൽ നിലവിലുള്ള സാമ്പത്തിക സഹായത്തിന്റെ നിരക്ക് 13 ാം പഞ്ചവൽസര പദ്ധതിയിൽ ബാധകമാക്കുന്നതിന് മുമ്പായുള്ള കാലയളവിൽ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണ്. അപാകത 25-01-19 ലെ ഓഡിറ്റ് എൻക്വയറിയിലൂടെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി. ആയതിനാൽ മേൽകാണിച്ച ഗുണഭോക്താക്കൾക്ക് അനുവദിച്ച വർദ്ധിപ്പിച്ച നിരക്ക് പ്രകാരമുണ്ടായ 50,000 രൂപ ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ സാധൂകരണം ലഭ്യമാകും വരെ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 വനിത വികസനം - അനിവാര്യമായ പ്രവർത്തനങ്ങൾക്ക് പ്രോജക്ടുൾ ഉൾപ്പെടുത്തിയില്ല.

വനിത വികസനവുമായി ബന്ധപ്പെട്ട് ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് രൂപീകരണ പ്രവർത്തനങ്ങളിൽ ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകളൊന്നും ഉൾപ്പെടുത്താനായിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ, അസി.സെക്രട്ടറി, കൺവീനർ, ഐ സി ഡി എസ് സൂപ്പർവൈസർ, സി ഡി എസ് ചെയർപേഴ്സൺ, രണ്ട് വനിതാ മെമ്പർമാർ, സന്നദ്ധ പ്രവർത്തകരായ വനിതകൾ, വിദഗ്ധർ അടക്കം 15 അംഗങ്ങളുള്ള ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കാനാണ് നിർദ്ദേശമുള്ളത്. ബന്ധപ്പെട്ട ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി മിനിട്സ് തീരുമാനങ്ങൾ പരിശോധിച്ചതിൽ സെന്റർ രൂപീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിൽ ഒരു പ്രവർത്തനവും നടന്നതായി രേഖയില്ല. ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കാത്ത സാഹചര്യത്തിൽ സ്ത്രീകളുടെ സാമൂഹ്യ പദവി പഠനം പൂർത്തിയാക്കാനും ആയത് കാലാനുസൃതമാക്കാനുമുള്ള നിർദ്ദേശവും നടപ്പിലായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശമുള്ളതാണ്.

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പ് വരുത്താനായി കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രാദേശിക ഘടകമായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനായി പദ്ധതി തുക വിനിയോഗിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനത്തിനുമായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള വനിതാ കൗൺസിലറെ നിയമിക്കാനുമായിട്ടില്ല.

വനിതാ ഘടക പദ്ധതിൽ ഉൾപ്പെടുത്തിയ മൂന്ന് പ്രോജക്ടുകൾക്കായി 27.65ലക്ഷം രൂപ വകയിരുത്തിയതിൽ 1.04ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാനായത്. സ്ത്രീകളുടെ വരുമാന വർദ്ധനവിനും ശേഷി വർദ്ധനവിനും സഹായകരമായ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. അതോടൊപ്പം ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ച് സ്ത്രീകളുടെ സാമൂഹ്യ പദവി പഠനം പൂർത്തിയാക്കാനും സ്കൂളുകളിൽ വിദ്യാർത്ഥിനികളുടെ കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും സ്ത്രീസുരക്ഷക്കുമായുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ നടപ്പിലാക്കാനാവണം.

വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനായി വനിതാ വികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ നിലവിലെ അവസ്ഥ കൃത്യമായി പഠിച്ചും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും അവയുടെ കൃത്യതയും നിയമസാധുതയും ഉറപ്പ് വരുത്തി നടപ്പിലാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ മേൽനോട്ടവും ഉണ്ടാവേണ്ടതാണ്.

## 3-13 കരാറുകാരന് സർവ്വീസ് ടാക്സ് നൽകിയത് തുക തിരികെ അടവാക്കി

2017-18-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽമുറി GLPS നിർമ്മാണം എന്ന പ്രവൃത്തികളിൽ സേവന നികുതി (Service tax) അടവാക്കുന്നതിനായി എസ്റ്റിമേറ്റിലെ Appendix B യുടെ 10.5% തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. പ്രവൃത്തി പൂർത്തിയാക്കി ബിൽ നൽകിയപ്പോൾ സേവന നികുതി 9280 കരാറുകാരന് നൽകിയിട്ടുണ്ട്. (ചെക്ക് നം 2487714/11.8.17 ആകെ തുക 192644). എന്നാൽ കരാറുകാരൻ സേവന നികുതി അടവാക്കിയ രേഖ പരിശോധനക്ക് ലഭ്യമാക്കിയില്ല. സേവന നികുതി അടവാക്കിയ രേഖ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് സേവന നികുതി അടവാക്കാത്തതിനാൽ തുക തിരികെ അടവാക്കി

(118070107178/23.1.19).

## 3-14 തിരുനാവായ കുടിവെള്ള പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ : 352/18 തിരുനാവായ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം

ബിൽ നമ്പർ : i) 26/17-18/10.11.2017 (233767/-)

ii) 44/17-18/22.03.2018 (700000/-)

iii) 41/17-18/15.03.2018 (1004883/-)

ചെക്ക് നമ്പർ:- 5805097/31.03.2018 (358117/-)

മാറാക്കര ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളം എത്തിക്കുക എന്നതാണ് തിരുനാവായ കുടിവെള്ള പദ്ധതിയുടെ ലക്ഷ്യം. ടി പ്രവർത്തിയുടെ രണ്ടാം ഘട്ടമാണ് 2017-18 ൽ മേൽ ബിൽ/ചെക്ക് പ്രകാരം 2296767/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

ക്രമ നമ്പർ i ബിൽ പ്രകാരമുള്ള തുക മലപ്പുറം PIU എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റോഡ് കട്ടിംഗിനും റീസ്റ്റോറേഷനുമായി നൽകിയതാണ്. ബാക്കി 2063000/- രൂപ പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടി വാട്ടർ അതോറിറ്റിക്കു നൽകിയതാണ്. (എക്സിക്യൂട്ടീവ് എഞ്ചിനയർ, പി എച്ച് ഡിവിഷൻ, KWA എടപ്പാൾ). മേൽ തുകകളുടെ വിനിയോഗ വിവരം, പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/24.01.2019) വിനിയോഗവിവരം, പദ്ധതിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 2296767/- രൂപ തടസ്സം ചെയ്യുന്നു.

## 3-15 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ- നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ:സെക്രട്ടറി

പ്രോജക്ട് നമ്പർ : 315/18 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

ബിൽ നമ്പർ : 28/17-18/06.12.2017(1,39,541/-)

ചെക്ക് നമ്പർ: 6857207/7-2-18 (46464/-)

മേൽ പ്രോജക്ട് പഞ്ചായത്തിലെ യു പി എസ്, കമ്പ്യൂട്ടറുകൾ എന്നിവയുടെ എ എം സി പുതുക്കുന്നതിനും touch screen kiosk, intercom എന്നിവ പർച്ചേസ് ചെയ്ത് സ്ഥാപിക്കുന്നതിനുമാണ് വിഭാവനം ചെയ്തത്.

Touch screen എ ഡോട്ട് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും, ഇന്റർകോം Trans Asia എന്ന സ്ഥാപനത്തിൽ നിന്നുമാണ് ടെണ്ടർ നടപടികളിലൂടെ പർച്ചേസ് ചെയ്തത്. എന്നാൽ മേൽ പ്രവർത്തികൾക്കായി ടെണ്ടറുകൾ സമർപ്പിച്ച സ്ഥാപനങ്ങളുടെ നിരക്കുകൾ താരതമ്യം ചെയ്തുകൊണ്ട് താരതമ്യ പത്രിക തയ്യാറാക്കുകയോ, ആയത് ഭരണ സമിതിയിൽ അവതരിപ്പിച്ച്

അംഗീകാരം വാങ്ങുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/24.01.2019) താരതമ്യ പത്രികയും ഭരണസമിതി തീരുമാനവും ഉണ്ടെന്നും ലഭ്യമാക്കാമെന്നുമാണ് മറുപടി നൽകിയത്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പർച്ചേസ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ- രേഖകൾ അപൂർണ്ണം

സെക്രട്ടറിയുടെ ചെലവുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വിതരണ വിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നമ്പർ : 21700058/24.04.17 (40000/-)

മേൽ വൗച്ചർ പ്രകാരം 500 ഗ്രോബാഗും തൈകളും വാങ്ങിയതിന് മലബാർ അഗ്രോ ആർമി എന്ന സ്ഥാപനത്തിന് 40,000/- രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 320 തൈകൾ (32 അംഗൻവാടികൾക്ക് 10 വീതം) വിതരണം ചെയ്തതായാണ് കാണുന്നത്. ബാക്കി തൈകളുടെ വിതരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാൻ അവശേഷിക്കുന്ന തൈകളുടെ വില 14400/- രൂപ രേഖകൾ ലഭ്യമാക്കുന്നതു വരെ തടസ്സം ചെയ്യുന്നു.

2. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ബിൽ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700440/ 24.08.2017 | 10000 | ശ്രീമതി ദീപ എൻ അഡ്വക്കേറ്റിന് ലീഗൽ ചാർജ്ജിനത്തിൽ നൽകിയ തുക. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 2 | ബിൽ നമ്പർ 17/18/06.10.2017 | 120000 | PMAY പ്രോജക്ടിനായി (258/18) കുറ്റിപ്പുറം ബ്ലോക്ക് ഓഫീസർക്കു നൽകിയത്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | ബിൽ നമ്പർ 08/17-18/ 04.08.2017 | 300000 | കിഡ്നി വെൽഫെയർ സൊസൈറ്റിക്ക് നൽകുന്നതിനായി പിൻവലിച്ചത്. കൈപ്പറ്റു വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

എൻക്വയറി നമ്പർ 12/24.01.2019 ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന

മറുപടിയാണ് നൽകിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,30,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പരിരക്ഷ | 0 | 300000 |
| | 595000 | നെൽകൃഷി | 350000 | 245000 |
| | 200000 | മാലിന്യ സംസ്കരണ ശാലയിലേക്ക് മാലിന്യം എത്തിക്കൽ | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 350000 | മിൽക്ക് സബ്സിഡി | 130423 | 219577 |
| | 379000 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 379000 | 0 |
| | 300000 | കിണർ റീചാർജ്ജ് | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 379000 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 274800 | 104200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KWA | തിരുനാവായ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | | 2063000 | UC ലഭ്യമായിട്ടില്ല | ഇല്ല | UC ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വർഷത്തിൽ ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2014-15 | 3-13 | 1463 | ശ്രീമതി.ബിനിഷ ബി കൃഷി ഓഫീസർ | 117070107804 Dt.20.12.2017 |
| 2013-14 2014-15 | 2-1 | 108 | മായാനദി കണ്ണമ്പള്ളി, കാടാമ്പുഴ | 117070110734 Dt.26.02.2018 |
| 2013-14 2014-15 | 2-1 | 174 | കുഞ്ഞാച്ചു,എരുകുളങ്ങര കാടാമ്പുഴ | 117070110736 Dt.26.02.2018 |
| 2016-17 | 2-2 | 1250 | നാരായണൻ, എമ്പ്രാന്തിരി കാടാമ്പുഴ | 117070111325 Dt.07.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2011-12, 12-13 | 3-1 | 2015-16 | --- | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2-2,2-3 | 2016-17 | --- | - | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | | നടപടി തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 11 | 12 | 13 |
| 1 | 1999-2000 | 3-5 1,2,6 | ഡോ. മുകുന്ദ വർമ്മ | LF 6611/ Spl.cell/ SC5/05 8.5.09/ 12.5.09 | 1044 | 1044/ 11202100940/ 10.10.12 | 1044 | 0 | |
| 2 | 1999-01 | 20, 26, 33 | പി. ജയഭാരതി | LF 6611/ Spl.cell/ SC5/05 10.08 | 1067 | Rs 1067 Rt 112021009 41/10-10-12 | 1067 | 0 | |
| 3 | 2008-09 | 3-3, 3-4p | എ.എ.ടെസീല സെക്രട്ടറി | LF 6611/ Spl.cell/c4 D1/C5/6.3.9 | 15009 | -- | 0 | 15009 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 2008-09 | 3-9<br>3-10<br>3-11 | എസ്. മനോജ്, കൃഷി ഓഫീസർ | LF 6611/ Spl.cell/c D1/C5/6.3.9 | 35000 | -- | -- | 35000 | |
| 5 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.cell/sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75465724 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95006700 |
| വരവിനങ്ങളിലുള്ള നഷ്ടം | 2760 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11990 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4580260 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 2760 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-1 | 11990 | ശ്രീ.അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,29,000 | ശ്രീ.അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ |
| 3-3 | 2,92,593 | ഡോ.ഗീത എം.ടി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4 | 10,00,000 | ശ്രീമതി. ജയപ്രഭ, ഹെഡ്മാസ്റ്റർ |
| 3-8 | 67,500 | ശ്രീ.സുജിത്ത്.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-11 | 50,000 | ശ്രീമതി. ബിന്ദു, അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 22,96,767 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-16 | 4,44,400 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| ആകെ | 45,80,260 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി | സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത് | അനുഗ്രഹ, കാവുങ്ങൽ, മലപ്പുറം |
| ശ്രീ.പി.കെ.അഹമ്മദ്കുട്ടി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മേൽമുറി | വെങ്ങളംകണ്ടി കോക്കന്നൂർ, ബാലുശ്ശേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70 | എൽ എഫ് എം7/1403/94 തിയ്യതി 21.07.94 | 3 |
| 1970-71 | എൽ എഫ് എം7/1404/94 തിയ്യതി 21.07.94 | 2 |

| | | |
|---|---|---|
| 1971-72 | എൽ എഫ് എം7/1405/94 തിയ്യതി 22.07.94 | 4 |
| 1972-73 | എൽ എഫ് എം7/1406/94 തിയ്യതി 22.07.94 | 3 |
| 1976-77 | എൽ എഫ് എം7/1628/94 തിയ്യതി 22.07.94 | 1 |
| 1977-78 | എൽ എഫ് എം7/1629/94 തിയ്യതി 22.07.94 | 1 |
| 1978-79 | എൽ എഫ് എം7/1626/94 തിയ്യതി 22.07.94 | 4 |
| 1980-81 | എൽ എഫ് എം7/1627/94 തിയ്യതി 22.07.94 | 2 |
| 1981-82 | എൽ എഫ് എം7/1843/94 തിയ്യതി 22.07.94 | 2 |
| 1982-83 | എൽ എഫ് എം7/1837/94 തിയ്യതി 22.07.94 | 5 |
| 1983-84 | എൽ എഫ് എം7/1838/94 തിയ്യതി 22.07.94 | 6 |
| 1984-85 | എൽ എഫ് എം7/1839/94 തിയ്യതി 22.07.94 | 8 |
| 1985-86 | എൽ എഫ് എം7/1840/94 തിയ്യതി 22.07.94 | 7 |
| 1986-87, 1987-88 | എൽ എഫ് എം7/1841/94 തിയ്യതി 22.07.94 | 5 |
| 1988-89, 1989-90 | എൽ എഫ് എം7/571/94 തിയ്യതി 09.06.94 | 10 |
| 1990-91 | എൽ എഫ് എം7/609/92 തിയ്യതി 10.02.94 | 10 |
| 1991-92 | എൽ എഫ് എം7/195/94 തിയ്യതി 10.01.95 | 7 |
| 1992-93 | എൽ എഫ് എം5/771/96 തിയ്യതി 26.09.96 | 7 |
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |

| | | |
|---|---|---|
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 |
| 1997-98 | എൽ എഫ് എം12/1632/03 തിയ്യതി 16.06.04 | 7 |
| 1998-99 | എൽ എഫ് എം12/1633/03 തിയ്യതി 18.06.04 | 12 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 1999-00 | എൽ എഫ് എം12/493/08 തിയ്യതി 09.04.08 | 2 |
| 2000-01 | എൽ എഫ് എം9/494/08 തിയ്യതി 09.04.08 | 2 |
| 2001-02 | എൽ എഫ് എം9/495/08 തിയ്യതി 09.04.08 | 4 |
| 2002-03 | എൽ എഫ് എം9/496/08 തിയ്യതി 07.04.08 | 10 |
| 2003-04 | എൽ എഫ് എം9/497/08 തിയ്യതി 09.04.08 | 9 |
| 2004-05 | എൽ എഫ് എം9/498/08 തിയ്യതി 03.05.08 | 14 |
| 2005-06 | എൽ എഫ് എം9/515/10 തിയ്യതി 06.07.10 | 15 |
| 2006-07 | എൽ എഫ് എം13/2904/11 തിയ്യതി 06.10.16 | 16 |
| 2007-08 | എൽ എഫ് എം13/2499/11 തിയ്യതി 24.01.12 | 13 |
| 2008-09 | എൽ എഫ് എം13/2500/11 തിയ്യതി 24.12.11 | 12 |
| 2009-10, 2010-11 | എൽ എഫ് എം13/1169/13 തിയ്യതി 10.12.13 | 17 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം13/3069/15 തി:02.03.2017 | 28 |

| | | |
|---|---|---|
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം13/2141/16 തി.24.06.2017 | 26 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 17 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/1826/2017 തിയ്യതി 01.08.2018 | 29 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എൽ. 3/19

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.13/1970/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി .13-08-2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215(6)-ാം വകപ്പ്, 2011 ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും 22-05-2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം